# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1040 — 10.02.2016 ലെ മറുപടിയ്ക്ക്

## 2015-ലെ ഓണാഘോഷ പരിപാടി

| ചോദ്യം<br>**ശ്രീ.ജെയിംസ് മാത്യു** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | 2015-ലെ ഓണാഘോഷ പരിപാടികൾക്കായി അനുവദിച്ച മൊത്തം തുക എത്രയായിരുന്നു ; | എ) | 2015ലെ ഓണാഘോഷത്തിനായി സർക്കാർ രണ്ടു ശീർഷകങ്ങളിൽ നിന്നായി 1,90,00,000/- രൂപ ആകെ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) | തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; സർക്കാർ നല്കിയ തുക എത്ര; മറ്റിനങ്ങളിൽ ലഭിച്ച വരുമാനം എത്ര; ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം വരുമാനം ലഭിച്ചിട്ടുണ്ട്; | ബി) | തിരുവനന്തപുരത്തെ ഓണാഘോഷ പരിപാടികൾക്കുണ്ടായ മൊത്തം ചെലവ് സംബന്ധിച്ചുള്ള വിവിധ കമ്മിറ്റികളുടെ കണക്ക് പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.<br>സർക്കാർ ആകെ 1,90,00,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2015 ഓണാഘോഷത്തിന് മറ്റിനങ്ങളിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.<br><br>ക്രമ നം. / ഇനം / ലഭിച്ച തുക<br>1 / അമ്യൂസ്മെന്റ് / 18,00,000<br>2 / സ്പോൺസർഷിപ്പ് / 1,20,000<br>3 / ട്രേഡ്ഫെയർ & എക്സിബിഷൻ / 8,37,625 |
| സി) | ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ച് ചേർത്ത് അവതരിപ്പിച്ചിട്ടുണ്ടോ; പരിപാടിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | സി) | ഓണാഘോഷ പരിപാടിയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് ആഘോഷ കമ്മിറ്റി വിളിച്ച് ചേർത്ത് അവതരിപ്പിക്കുന്നത് പ്രാവർത്തികമല്ലാത്തതിനാൽ, ഓണാഘോഷ കമ്മിറ്റികളുടെ എല്ലാ കണക്കുകളും ജനറൽ കൺവീനറായ ടൂറിസം വകുപ്പ് ഡയറക്ടർ അംഗീകരിച്ചു ആഡിറ്റിനായി സമർപ്പിക്കുകയാണ് ചെയ്യാറുള്ളത്. ഓണാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളും, അഴിമതിയും സംബന്ധിച്ച പത്രവാർത്തകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തവരുടെ പേരിലും പങ്കെടുത്ത ചിലരുടെ പേരിലും സംഘാടകർ തന്നെ പണം എഴുതി എടുത്തതായുള്ള ആക്ഷേപങ്ങൾ അന്വേഷണ വിധേയമാക്കുമോ; | ഡി) | അത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | ഓണാഘോഷകമ്മിറ്റി ഭാരവാഹികളായ ആരുടെയെല്ലാം പേരിലാണ് ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഇ) | കമ്മിറ്റി ഭാരവാഹികളുടെ പേരിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ